# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## U.P വിഭാഗം

## TSAMUP SCHOOL MATTATHUR



# അക്കാദമിക

## മാസ്റ്റർ പ്ലാൻ

## 2025-26

### ടി എസ് എ എം യു പി സ്കൂൾ
### മറ്റത്തൂർ



# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്.

കേരളം മറ്റുപല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ മെന്ന ആശയം അതിന്റെ അർത്ഥപൂർണമായ തലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വിദ്യാലയത്തിലെ ഭൗതിക സൗകര്യം മെച്ചപ്പെടുന്നതോടൊപ്പം ഗുണനിലവാരം, അവസര തുല്യത , ലിംഗത്വം, പങ്കാളിത്തം, മാനവികത, എന്നിവയ്ക്ക് പ്രാധാന്യം നൽകുക കൂടി നമ്മുടെ കടമയായി കരുതേണ്ട അവസരമാണിത്. പൊതു വിദ്യാഭ്യാസം എന്ന ആശയം പ്രസ്തുത ലക്ഷ്യങ്ങൾക്ക് ഊന്നൽ നൽകി തനതായ രീതിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം.

സംസ്ഥാനത്ത് നടപ്പിലാക്കിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിദ്യാഭ്യാസ രംഗത്ത് അത്ഭുത പൂർവ്വമായ ഉണർവ്വ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതിക രംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതു വിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്ത വിധം ലക്ഷക്കണക്കിന് കുട്ടികൾ പുതുതായി വന്നുചേർന്നു. സമൂഹത്തിന് പൊതു വിദ്യാലയങ്ങളിലുള്ള വിശ്വാസം വർദ്ധിച്ചതിന്റെ വ്യക്തമായ സൂചനയാണിത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യക്ജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നു. ദേശീയ അന്തർദേശീയ തലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്.

സുസ്ഥിര വികസന സൂചകങ്ങളിൽ മേൽകൈ നേടുവാൻ നമ്മേ സഹായിച്ചത് പൊതു വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം കൂടിയാണ്.

ലോകത്തിനാകെമാനം കേരളം മാതൃകയാണെന്ന് അഭിമാനം കൊള്ളുമ്പോഴും വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങൾ ഓരോ വിദ്യാർത്ഥിക്കും ദേശം, ഭാഷ, വർഗം, വർണലിംഗഭേദമന്യേ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ അവകശ നിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം ഇനിയും പ്രാവ്യമാവേണ്ടതുണ്ട്.

അതിനായി വിദ്യാലയങ്ങളെ അനുകൂലമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി വിദ്യാലയങ്ങളെയും അതിന്റെ സാമൂഹികതെയും അദ്ധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി യത്നിക്കണം. നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ 14 –ാം പഞ്ചവത്സരകാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്ന് വിഭാഗം വിഭാവനം ചെയ്തിട്ടുണ്ട്. അത്തരത്തിലാകുന്നതിന് തടസ്സം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾ തലത്തിൽ ചർച്ചചെയ്ത് കണ്ടെത്തുകയും വേണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കണ്ടെത്തി അവയെ സമയബന്ധിതമായി നടപ്പാക്കാൻ കലണ്ടറും തയ്യാറാക്കണം.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേട്ടേണ്ട മുഴുവൻ ശേഷികളും ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ഓരോ വിഷയവും അതിനെ ബന്ധപ്പെട്ട മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിന് അദ്ധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അദ്ധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസ്സുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പുസ്തകം എന്ന രീതിയിലാണ് വിദ്യാലയത്തിന്റെ അന്തരീക്ഷം എന്ന രീതിയിൽ മാറ്റിയെടുക്കുക.
- ലഘു പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശിൽപശാലകൾ, വിദഗ്ദരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടുകൾ, തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തിയെടുക്കുക.
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ്, സൗകര്യങ്ങൾ ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായരീതിയിൽ കായികപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും ആങ്ങേയറ്റം ആസ്വാദ്യകരമാക്കുക

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ടി.എസ്.എ.എം.യു.പി സ്കൂൾ മറ്റത്തൂർ |
| വിലാസം : | : | മറ്റത്തൂർ പി.ഒ ഒതുക്കുങ്ങൽ |
| സ്കൂൾ കോഡ് | : | 19870 |
| ഫോൺ : | : | 9946770543 |
| സബ്ജില്ല : | : | വേങ്ങര |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| റവന്യു ജില്ല | : | മലപ്പുറം |
| ബി.ആർ.സി | : | വേങ്ങര |
| സി.ആർ.സി | : | ഒതുക്കുങ്ങൽ |
| ഗ്രാപഞ്ചായത്ത് | : | ഒതുക്കുങ്ങൽ |
| ബ്ലോക്ക് പഞ്ചായത്ത് | : | മലപ്പുറം |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | വേങ്ങര |
| ലോക്സഭ മണ്ഡലം | : | മലപ്പുറം |
| താലൂക്ക് : | : | തരൂരങ്ങാടി |
| വില്ലേജ് : | : | ഒതുക്കുങ്ങൽ |
| ഇ - മെയിൽ | : | tsamupschoolmattathur@gmail.com |
| ഫെയ്സ്ബുക്ക് | : | tsamupschool mattathur |

# അക്കാദമിക് കലണ്ടർ 2025-26

| Sl.No | Name of programme | Time | charge | Finance | Remarks |
|---|---|---|---|---|---|
| 1 | SRG യോഗം | Jun 3 - Mon | | | |
| 2 | സ്കൂൾ പച്ചക്കറിത്തോട്ടം | June 5 - 10 | Sci club | | |
| 3 | വായനാക്കളരി നവീകരണം | June 19 - 26 | Mal club | | |
| 4 | PTA / MPTA ജനറൽ ബോഡി | June 21 Fri | | | |
| 5 | SRG യോഗം | July 1 - Mon | | | |
| 6 | ബഷീർ ചരമദിനം | July 5 - Fri | മലയാളം | | |
| 7 | PTA / MPTA പ്രവർത്തക സമിതി | July 8 - Mon | | | |
| 8 | ലോകജനസംഖ്യാ ദിനം | July 11 - Thu | SS ക്ലബ് | | |
| 9. | ക്ലാസ് ശാസ്ത്രലാബ് - ശിൽപശാല 5, 6, 7 ക്ലാസുകളിൽ നിന്ന് 6 വീതം കുട്ടികളെ തിരഞ്ഞെടുത്ത് ഏകദിന ശിൽപശാല നടത്തുന്നു. ഓരോ ക്ലാസിലേക്കും 15-20 വീതം പഠനോപകരണങ്ങൾ ഉണ്ടാക്കുന്നു. ക്ലാസ്തലത്തിൽ ശാസ്ത്രലാബ് ക്രമീകരിക്കുന്നു. | July 20 Sat | Sci ക്ലബ് | | |
| 10. | ചാന്ദ്രദിനം | July 21, 22 - Sun, Mon | | | |
| 11. | സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് | July 23 - Tue | IT, SS, club | | |
| 12. | മുന്നേറ്റം [മലയാള ഭാഷാ പഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി. പരിശീലനം] | July 6 - Sat<br>July 13 - Sat<br>July 27 - Sat | Mal club | | |
| 13. | SRG യോഗം | July 26 - Fri | | | |

| | | | | | |
|---|---|---|---|---|---|
| 14 | പ്രേംചന്ദ് ദിനം | July 31 Wed | HI club | | |
| 15. | E Radio<br>PTA/MPTA പ്രവർത്തക സമിതി | Aug 5 mon | Eng club | | |
| 16. | ഹിരോഷിമ ദിനം | Aug 6 Tue | SS club | | |
| 17. | മൂന്നാം [ഗണിത പഠനത്തിൽ പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന മൊഡ്യൂൾ തയ്യാറാക്കി പരിശീലനം | Aug 10 - Sat<br>Aug 17 - Sat<br>Aug 24 - Sat | Maths club | | |
| 18. | സ്വാതന്ത്ര്യദിനാഘോഷം | Aug 15 - Tue | | | |
| 19. | SRG യോഗം | Aug 27 - Tur | | | |
| 20. | ഓണാഘോഷം<br>PTA / MPTA പ്രവർത്തക സമിതി | Sep 13 - Fri | | | |
| 21 | നാടക ക്യാമ്പ്<br>(അഭിനയ താൽപര്യമുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന നാടക ശിൽപശാല) | Sep 7 Sat | വിദ്യാരംഗം | | |
| 22. | അധ്യാപക ദിനം | Sep 5 Thu | SS club | | |
| 23. | ഓസോൺ ദിനം | Sep 16 - Mon | Sci club | | |
| 24 | സാഹിത്യ ശിൽപശാല<br>(സാഹിത്യ രുചിയുള്ള കുട്ടികളെ പങ്കെടുപ്പിച്ച് ഏകദിന രചനാ ശിൽപശാല, കൈയ്യെഴുത്ത് മാസിക പ്രകാശനം | Sep 23 Mon | വിദ്യാരംഗം | | |
| 25 | CPTA | Sep 27 Fri | | | |
| 26 | SRG യോഗം | Sep 30 - Mon | | | |
| 27 | തൊഴിൽ പരിശീലനം<br>(ഏഴാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് സോപ്പ്, ഡോല് ക്ലവർ നിർമ്മാണം. | Oct 1 - Tue | | | |

| | | | | | |
|---|---|---|---|---|---|
| 28 | ഗാന്ധിജയന്തി | Oct 2 . Wed | HI club | | |
| 29 | PTA/MPTA പ്രവർത്തക സമിതി | Oct 17 - Mon | | | |
| 30 | പുസ്തക വണ്ടി (സ്കൂൾ പരിസരത്ത് വായനയുടെ പ്രാധാന്യം പ്രചരിപ്പിക്കുകയും സ്കൂൾ ലൈബ്രറിയിലേക്ക് പുസ്തകം ശേഖരിക്കുകയും | Oct 5 - Sat | | | |
| 31 | SRG യോഗം | Oct 28 - Mon | | | |
| 32. | PTA /MPTA പ്രവർത്തക സമിതി | Nov 1 Fri | | | |
| 33 | തൊഴിൽ പരിശീലനം (ആറാം ക്ലാസിലെ എല്ലാ കുട്ടികൾക്കും സ്ക്വാഷ്, ജാം, പിക്കിൾ, കേക്ക് എന്നിവ നിർമാണം | Nov 15 - Sat | | | |
| 34 | ശിശുദിനം | Nov 14 - Thu | Lan club (Mal, Urdu Ar, San) | | |
| 35 | SRG യോഗം | Nov 25 - Mon | | | |
| 36 | സ്കൂൾ പൂന്തോട്ട നിർമാണം (വെർട്ടിക്കൽ ഗാർഡൻ, പോട്ടിംഗ് മിക്സ്ചർ എന്നിവ തയ്യാറാക്കി ഉചിതമായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നു.) | Nov 30 . Sat | | | |
| 37 | PTA /MPTA പ്രവർത്തക സമിതി | Dec 2 Mon | | | |
| 38 | ക്ലാസ് ഗണിത ലാബ് ശിൽപശാല 5,6,7 ക്ലാസുകളിൽ നിന്ന് 6 വീതം കുട്ടികളെ തിരഞ്ഞെടുത്ത് ഏകദിന ശിൽപശാല നടത്തുന്നു. ഓരോ ക്ലാസിലേക്കും 15-20 വീതം പഠനോപകരണങ്ങൾ. ക്ലാസ്തല ഗണിത ലാബ് | Dec 7 - Sat | Maths club | | |
| 39 | ശ്രീനിവാസ രാമാനുജൻ ദിനം. | Dec 22 Sun | Maths club | | |
| 40 | SRG യോഗം | Dec 20 Fri | | | |

| | | | | | |
|---|---|---|---|---|---|
| 41 | PTA MPTA പ്രവർത്തകസമിതി | Dec 30 - Mon | | | |
| 42 | CPTA | Jan 3 - Fri | | | |
| 43 | തൊഴിൽ പരിശീലനം ആറാം ക്ലാസിലെ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് ബാഗ് പരിശീലനം, പെൻസ്റ്റാൻഡ് കൗതുക വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നു. | Jan 11 - Sat | | | |
| 44 | റിപ്പബ്ലിക് ദിനം | Jan 26 - Sun | Hi club | | |
| 45 | SRG യോഗം | Jan 27 - Mon | | | |
| 46 | നീന്തൽ / സൈക്കിൾ പരിശീലനം | Feb 1 Sat | | | |
| 47 | PTA MPTA പ്രവർത്തകസമിതി | Feb 7 - Fri | | | |
| 48 | Lan Lab Inaguration | Feb 10 - Mon | Eng club | | |
| 49 | ആരോഗ്യ ക്ലാസ്, പോഷകാഹാര ഏകദിന ക്യാമ്പ് | Feb 15 - Sat | | | |
| 50 | SRG യോഗം | Feb 24 - Mon | | | |
| 51 | ദേശീയ ശാസ്ത്രദിനം ഔട്ട്ഡോർ സയൻസ് പാർക്ക് ചരിത്രമ്യൂസിയം ഉദ്ഘാടനം | Feb 25 Tue | Sci club<br>SS club | | |
| 52 | PTA / MPTA പ്രവർത്തകസമിതി | Mar 4 Mon | | | |
| 53 | പഠനോത്സവം (കുട്ടികൾ പഠനമികവുകളും ഉൽപന്നങ്ങളും പ്രദർശിപ്പിക്കുന്നു.) | Mar 8 Sat | SRG | | |
| 54 | SRG യോഗം | Mar 18 Mon | | | |

Std : 5

# അക്കാദമിക് മാസ്റ്റർ പ്ലാൻ - [മലയാളം] 2024 - 2025.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതലക്കാർ |
|---|---|---|---|
| 1. • ഭാഷയുടെ അടിസ്ഥാന ശേഷി വികസനം.<br>• പദസമ്പത്ത് വർദ്ധിപ്പിക്കൽ. | **എന്റെ അവധിക്കാല അനുഭവങ്ങൾ.**<br>• കുട്ടികൾ അവരുടെ അനുഭവങ്ങൾ അവതരിപ്പിക്കുന്നു. [കഥ, കവിത, യാത്രാനുഭവങ്ങൾ]. | ജൂൺ മാസം. [1-ആഴ്ച]. | മലയാളം അധ്യാപിക. |
| | **ഭാഷാകേളി.**<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് ആസ്വാദനം, അക്ഷരശുദ്ധി എന്നിവ വളർത്തുന്നു. | ജൂൺ മാസം. | |
| | **വാക്യ നിർമ്മാണം.**<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂലായ് മാസം. | മലയാളം അധ്യാപിക. |
| 2. • പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പുവരുത്തൽ | **പത്രവാർത്താ നിർമ്മാണം.**<br>• തന്റെ പ്രദേശത്തെ പ്രധാന സംഭവങ്ങൾ പത്ര വാർത്തയാക്കുന്നു. | ദിവസവും ~~ആഴ്ചയിൽ ഒന്ന്~~. | മലയാളം അധ്യാപിക. |
| | • **വാർത്താ വായന.**<br>പത്രം, ബാലമാസിക എന്നിവയുടെ വായന. | ആഴ്ചയിൽ ഒന്ന്. | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല. |
|---|---|---|---|
| അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തൽ | • വായനാ വത്സരം.<br>• ലൈബ്രറി പുസ്തക വായന.<br>• സമാനാശയമുള്ള കഥ പറയൽ.<br>• വായിച്ച പുസ്തകത്തിന്റെ ആശയം പറയൽ.<br>• I.C.T. സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്ത വായിക്കൽ. | ദിവസവും. | മലയാളം അധ്യാപിക. |
| • സർഗ്ഗാത്മക രചനകളുടെ അവസരം. | • കഥാരചന, കവിതാരചന, പ്രസംഗം, ചുമർപത്രം, നാടൻ പാട്ട് അവതരണം, കൊളാഷ് നിർമ്മാണം.<br>• നാടൻ കലാരൂപങ്ങൾ പ്രദർശനം. | വർഷത്തിൽ രണ്ട്. | മലയാളം ക്ലബ്ബ്. |
| | • T.S. റേഡിയോ അവതരണം. | വർഷത്തിൽ നാല്. | T.S. ക്ലബ്ബ്. |
| • സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടും കലാകാരന്മാരോടും ആദരവ് മനോഭാവം വളർത്തൽ | • പുസ്തക പരിചയം.<br>• ലൈബ്രറി സന്ദർശനം, ആസ്വാദനക്കുറിപ്പ്.<br>• സാഹിത്യകാരന്മാരുമായി അഭിമുഖം.<br>• ദിനാചരണവുമായി ബന്ധപ്പെട്ട സാഹിത്യ രചനകൾ. | മാസത്തിൽ ഒന്ന് വീതം. | |
| | • സാഹിത്യകാരന്മാരുടെ ആൽബം നിർമ്മാണം. | വർഷത്തിൽ രണ്ട് | |
| | • കവിയരങ്ങ്. | വർഷത്തിൽ രണ്ട്. | |
| | പോർട്ട്ഫോളിയോ.<br>• സാഹിത്യകാരന്മാരുടെ പോർട്ട്ഫോളിയോ നിർമ്മാണം. | വർഷത്തിൽ രണ്ട്. | മലയാളം ക്ലബ്ബ്. |
| | ഫീൽഡ് ട്രിപ്പുകൾ.<br>• തുഞ്ചൻ പറമ്പ്, [illegible] കലാമണ്ഡലം, കിള്ളിക്കുറിശ്ശിമംഗലം, മോയിൻകുട്ടി വൈദ്യർ സ്മാരകം. | രണ്ടുമാസത്തിൽ ഒന്ന്. | മലയാളം ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു | അക്കാദമിക വർഷം മുഴുവൻ |
| പഠിതാക്കളുടെ കലാവാസന പരിപോഷിപ്പിക്കൽ | · TS റേഡിയോയിൽ കുട്ടികൾ അവരുടെ കഥ, കവിത... അവതരിപ്പിക്കുന്നു<br>· നാടൻ പാട്ട് അവതരണം<br>· ചുമർചിത്രം<br>· കൊളാഷ് നിർമ്മാണം<br>· തിരക്കഥാ രചന<br>· ആൽബം നിർമ്മാണം. | ആഴ്ചയിൽ ഒന്ന് |
| സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക | സാഹിത്യകാരൻമാർ എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
| --- | --- | --- |
| മലയാള ഭാഷയെ എളുപ്പം സ്വായത്തമാക്കാനുള്ള പരിശീലനം | വാക്യ നിർമ്മാണം ഡയറി എഴുത്ത് സൂചനകൾ നൽകി കഥ വികസിപ്പിച്ച് എഴുതൽ TS റേഡിയോ അവതരണം | അഞ്ചുദിവസം |
| പതിനായിരം അർത്ഥ പൂർണ്ണമായ വായനാശീലം വളർത്തിയെടുക്കൽ | ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തി കൊണ്ട് കഥാ പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ നൽകുകയും അതിലൂടെ പതിനായിരത്തിൻ വായനാശീലം പത്രവായന വായനാ മത്സരം നടപ്പിലാക്കുക അനുഭവകുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കൽ | അഞ്ചുദിവസം |
| എല്ലാ കുട്ടികൾക്കും സർഗ്ഗാത്മകത വളർത്താനുള്ള അവസരം നൽകുന്നു | കഥാരചന കവിതാരചന ഉപന്യാസ രചന പ്രസംഗം | അഞ്ചുദിവസം |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| സാഹിത്യാഭിരുചി വളർത്താനുള്ള സാഹചര്യങ്ങൾ ഒരുക്കൽ | കവിയരങ്ങ്<br>ലൈബ്രറിയിൽനിന്ന് വായിക്കൽ<br>ഫീൽഡ് ട്രിപ്പുകൾ<br>പുസ്തകം പരിചയപ്പെടുത്തൽ | ആഴ്ചയിൽ ഒന്ന് വീതം |
| വായന പരിപോഷിപ്പിക്കുന്നതിന് | . പത്രം ബാലമാസികകൾ തുടങ്ങിയവയുടെ ഉച്ചത്തിലുള്ള വായന<br>. യാത്രാനുഭവങ്ങളുടെ അനുഭവക്കുറിപ്പുകൾ എഴുതി വായിക്കൽ<br>ICT സഹായത്തോടെ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ ഉച്ചത്തിൽ വായിക്കൽ | എല്ലാ ദിവസവും<br>ആഴ്ചയിൽ ഒന്ന്<br>ദിവസവും |
| പഠിതാക്കളുടെ സർഗ്ഗാത്മകത വളർത്തിയെടുക്കുക | . കഥകളും കവിതകളും അവതരിപ്പിക്കാൻ അവസരം നൽകുക<br>. ചുമർ പത്രികകൾ തയ്യാറാക്കുക | ആഴ്ചയിൽ ഒന്ന് |

# Academic Master Plan.

മലയാളം : അടിസ്ഥാന പാഠാവലി.

Std : VI.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ്. |
|---|---|---|
| പഠിതാക്കളുടെ സർഗ്ഗാത്മകത വളർത്തിയെടുക്കുക. | നോവലുകളിലെ കഥാപാത്രങ്ങളുടെ ദൃശ്യാവിഷ്കാരം.<br>ചുമർപത്രിക നിർമ്മാണം.<br>ടി.പി.എസ് പാഠം അവതരിപ്പിക്കുക<br>ശില്പശാലകൾ.<br>കവിത സൃഷ്ടികൾ<br>കഥകൾ സ്വയം നിർമ്മിക്കാനും അത് അവതരിപ്പിക്കാനും കുട്ടികൾക്ക് അവസരങ്ങൾ സൃഷ്ടിക്കുക.<br>• രസകരമായ ഫലിതങ്ങൾ പറയുന്നു. അവ അവതരിപ്പിക്കാനായി അവസരങ്ങൾ നൽകാം. | ജൂൺ - ജൂലൈ |
| പദസമ്പത്ത് വളർത്തിയെടുക്കുക. അക്ഷര സംശോധനം - നടത്തുക. | അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ നൽകി വാക്യങ്ങൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നൽകുക.<br>. അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വരുത്തുന്നു.<br>• അർത്ഥം, വിപരീതപദങ്ങളുടെ - കാർഡുകൾ നൽകി അവ അനുയോജ്യമായ രീതിയിൽ ചേർക്കാനുള്ള രസകരമായ കളികൾ ഉണ്ടാക്കുക. | ആഗസ്റ്റ് - സെപ്തംബർ |

| | | |
|---|---|---|
| പഠിതാവിൽ അന്തർലീനമായ വായനാശീലം വളർത്തിയെടുക്കുക. | . പത്രവായന പ്രോത്സാഹിപ്പിക്കുക.<br>· വായിച്ച പുസ്തകങ്ങൾക്ക് ആസ്വാദന കുറിപ്പുകൾ എഴുതുക.<br>· വായനാ മത്സരം.<br>· നോവലുകൾ, ചെറുകഥകൾ, കവിതകൾ എന്നിവ പഠിതാക്കളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി ഉപയോഗപ്പെടുത്തണം.<br>. ക്ലാസ് ലൈബ്രറി ഉപയോഗപ്പെടുത്തി കൊണ്ട് കഥാപുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാനായി നൽകുക.<br>· അനുഭവ കുറിപ്പുകൾ തയ്യാറാക്കൽ. | ഒക്ടോബർ നവംബർ |
| സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. | · പുസ്തക പ്രദർശനം.<br>· പുസ്തകം എഴുതിയ വ്യക്തിയുടെ ജീവചരിത്ര കുറിപ്പുകൾ തയ്യാറാക്കൽ.<br>· സാഹിത്യകാരന്മാരും അവരുടെ കൃതികളും ചാർട്ട് പ്രദർശനത്തിലൂടെ കുട്ടികളിൽ പതിപ്പിക്കുക.<br>· കഥാകൃത്തിന്റെയും അവരുടെ പുസ്തകങ്ങളുടെയും പേരുകൾ കാർഡിൽ എഴുതി അവ യഥാക്രമം യോജിപ്പിക്കുന്ന വ്യത്യസ്തരീതിയിലുള്ള കളികൾ അവതരിപ്പിക്കുക. ഇതിലൂടെ പഠിതാക്കളിൽ കവികളെയും | ഡിസംബർ ജനുവരി |

| | | |
|---|---|---|
| ടി.വി ഷോസ് ഇൻഡോ കൂമ്പുകളിലൂടെ മലയാളകവിതകളുടെ ദൃശ്യാവിഷ്കാരം. | • വായിച്ച പുസ്തകങ്ങളുടെ ആസ്വാദന കുറിപ്പുകളുടെ അവതരണം.<br>• കവിതകളുടെ ദൃശ്യാവിഷ്കാരം അവതരിപ്പിക്കൽ. ഇതിലൂടെ മറ്റുകുട്ടികൾക്ക് ആശയ സംഗ്രഹത്തിന് സാധ്യമാകും.<br>• കഥകൾ നാടകരൂപത്തിൽ അവതരിപ്പിച്ചുകൊണ്ട് മറ്റുവായനക്കാരിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. അവർക്ക് ദൃശ്യാവിഷ്കാരത്തിലൂടെ ആശയം വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും.<br>• | ഫെബ്രുവരി മാർച്ച്: |

അക്കാദമിക് മാസ്റ്റർ പ്ലാൻ
കേരളപാഠാവലി Std: 7.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുന്നു | *എന്റെ അവധിക്കാലം:- - അവധിക്കാലാനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ അവതരിപ്പിക്കുന്നു.<br>* വളരുന്ന വാക്യം. - വിശേഷണ പദങ്ങൾ ചേർത്ത് പദങ്ങൾ കൂട്ടിച്ചേർത്ത് വർണനാപരമായ വാക്യങ്ങൾ നിർമ്മിക്കുന്നു.<br>*വിവിധ പദകേളികൾ<br>* പദമഴ. | ജൂൺ<br>പാഠ്യപ്രവർത്തനങ്ങളോടൊപ്പം ഇടവേളകളിൽ | ഭാഷാധ്യാപകർ<br>ഭാഷാധ്യാപകർ | |
| 2 | പഠിതാവിൽ അർഥപൂർണമായ വായന ഉറപ്പുവരുത്തുന്നു | * പദമാലികകൾ<br>വായിക്കുകയും ആസ്വദിക്കുന്ന ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകരുടെയും ക്ലാസധ്യാപകരുടെയും നേതൃത്വത്തിൽ | |

| | | | | |
|---|---|---|---|---|
| | വാർത്താവായന<br>പത്രമാധ്യമങ്ങളിലൂടെ വായിച്ചറിഞ്ഞ വാർത്തകൾ മറ്റുകുട്ടികളിലേക്കെത്തിക്കാൻ 'ഇൻഫോക്ലബ്ബിന്റെ' സഹായത്തോടെ മികച്ച രീതിയിൽ വായിക്കാൻ കഴിയുന്ന കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. | ദിവസവും | വിദ്യാരംഗം/ ഇൻഫോ ക്ലബ്ബ് | |
| 3 സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും അനുകൂല മനോഭാവം വളർത്തുക, ഉദ്ധരണികളുടെ സർഗ്ഗശേഷി വളർത്തൽ | * സംവാദങ്ങൾ സംഘടിപ്പിക്കൽ<br>* ക്ലാസ് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ തെരഞ്ഞെടുത്ത് വായിക്കുന്നു.<br>* ആസ്വാദനക്കുറിപ്പ് തയാറാക്കുന്നു. | ഒഴിവു സമയങ്ങൾ | ക്ലാസ് ലൈബ്രറിയുടെ സഹായത്തിൽ | |

| | | | | |
|---|---|---|---|---|
| 5. | പഠിതാക്കളുടെ കലാവാസനകൾ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ദൃശ്യാവിഷ്കാരം, ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ അവതരിപ്പിക്കാൻ അവസരം നൽകുന്നു | പാഠഭാഗങ്ങൾക്കനുസരിച്ച് ഉചിതമായ സമയത്ത് | മലയാളം ക്ലബ്ബ് |
| 6. | കുട്ടികളുടെ ആശയങ്ങൾ വാങ്ങി അവതരിപ്പിക്കാനവസരം ഒരുക്കുന്നു | പാഠഭാഗവുമായി ബന്ധപ്പെട്ട കഥ/കവിത, കുട്ടികളുടെ സ്വന്തം സൃഷ്ടികൾ എന്നിവ FM റേഡിയോയിലൂടെ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ആഴ്ചയിൽ ഒന്ന്. | FM റേഡിയോ, ഇൻഫോ ക്ലബ്ബ്, ക്ലാസ് ലീഡർ |

# ഉർദു അക്കാദമിക് മാസ്റ്റർ പ്ലാൻ- 2025-26

## യു പി. തലം

School: T.S.A.M.U.P.S. MAMATHUR

Name of the Urdu Teacher: JASEEKA.M.

# ആമുഖം

ഇന്ത്യയിൽ ജനിച്ച്, ലോകത്താകമാനം പടർന്നുപന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉറുദു, ഖഡി ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്.ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടിയാണ് ഉറുദു. കഥകളുടെയും കവിതകളുടെയും ഭാഷ. ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉറുദു സംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

..........................................................സ്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠോം ആഗെ ബഢേം**<br>ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്റ്റ് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്റ്റ് കൗൺസിൽ |
| 2 | **മേരെ അൽഫാസ്**<br>ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത | ടേം ൽ 1 വീതം | ഉർദു സബ്ജക്റ്റ് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്റ്റ് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **ഉ-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 7 | **ഹം മിലേം** ഉർദുക്യാമ്പ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകും വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക. ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും, അവതരണ ശേഷിയും പരിപോഷിപ്പിക്കും വിധം വിവിധ വിഷയ സംബന്ധമായ ഷോർട്ട് ഫിലിമുകൾ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 6000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 9 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷര മരം ഭാഷാ സെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 10 | വായന ആസ്വാദനം | കുട്ടി വായന , അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ് , പുസ്തക ചർച്ച ,ക്വിസ് മത്സരം ,മെഗാ ക്വിസ്. | ഒരു വർഷം | ഉർദു ക്ലബ്ബ് | 700 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്.എം, |

| | | | | | | |
|---|---|---|---|---|---|---|
| 11 | | സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 10000 | സബ്ജക്ട് കൗൺസിൽ |
| 12 | ദിനാചാരണങ്ങൾ | ഭാഷാ ശേഷി വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ. | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 14 | **ഉർദു കെ മോത്തിയാം** ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br><br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക . വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാ ശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ,ചിത്രകഥകൾ.... ... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br><br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാഗസിൻ നിർമിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകുന്നു | 2 മാസം സെപ്റ്റംബർ-നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |

| | | | | |
|---|---|---|---|---|
| <u>ദിനാചരണങ്ങൾ</u><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു . | നവംബർ | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| <u>ആസ്വാദനം</u> | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥാ,കവിത,അനിമേഷൻ, ഷോർട്ട് വിഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കംപ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

1. T.S.A.M.U.P.S. Mattathur. 2025-26.

Academic Master Plan Subject: English.

| Aim | Activities | Month | Duty | Finance |
|---|---|---|---|---|
| To develop Speaking and listening Skills. Build confidence in English communication. | i "Listen up". Engage with narrative passages and respond to questions. Listen to brief tales and answer questions, follow Short Stories. | | English teacher | English club. |
| Encourage learners to express themselves effectively and confidently. | ii "Follow my lead" Listen to and follow teacher's advice ie Act as the teacher guides<br>iii News flash. Listen to English news on the radio to improve Pronunciation. | | | |

| Aim | Activities | Month | Duty | Finance |
| --- | --- | --- | --- | --- |
| Encourage learners to focus and respond to speakers. | Practice listening to radio news for better pronunciation.<br>iv "Search for hidden riches".<br>· Describe an object using specific words.<br>Give chances to the students to take lot from the given words and explain on it. Others listen carefully and try to identify the object.<br>The describer provides clues without revealing the object's name. | | | |
| Improve ability to speak naturally | | | | |

| Aim | Activities | Month | Duty | Finance |
| --- | --- | --- | --- | --- |
| Reading. learners are able to improve reading comprehension Develop critical thinking skills. increase reading fluency. | Use specific themes (eg. toys, flowers, animals ...) Encourage creative descriptions. ? Discovering new words through reading. To develop vocabulary and grammar skills. Supply reading cards, use reading cards as a supplement to classroom instruction, and encourage independent reading practice. Assess reading levels and assign cards accordingly. | | | |

| Aim | Activities. | Month | Duty | Finance |
|---|---|---|---|---|
| | classroom Reader's Theatre.<br>Let the learners perform a skit re-telling a tale to improve public speaking and acting skills.<br><br>Literary reader.<br>Assign newspaper reading tasks and evaluate reading comprehension. Select top readers based on performance. | | | |
| Evaluate the books content and impact. | "Book review"<br>Supply books, let the learners read the book thoroughly. Understand the characters, themes and literary devices. | | | |

3

| Aim | Activities | Month | Duty | Finance |
| --- | --- | --- | --- | --- |
| iii Writing.<br>Learners are able to develop writing skills.<br>Improve vocabulary usage.<br>Enhance writing style.<br>Ensure error-free writing. | · Design class magazines and glossaries ( compile student-made dictionaries' )<br>· Assign magazine or dictionary projects.<br>· Encourage student creativity and design.<br>· Facilitate peer review and feedback.<br>· Display student work in the class room. | | | |

| Aim | Activities. | | |
|---|---|---|---|
| Learners are able to convey information. · Encourage learning and exploration of a subject. clearly communicate a message or idea. | Design Posters and notices. Let learners create their posters, encouraging creativity. Showcase the posters and notices in the classroom or school surroundings. [Decide (choose) a theme on a topic for the posters such as environmental awareness, school events]. | | |

| Aim | Activities. | Month | Duty | Finance |
|---|---|---|---|---|
| To expand vocabulary<br>To increase word usage.<br>Improve language skills enhance reading, writing and speaking abilities. | "Word of Inspiration"<br>. Select a word from the glossary daily and write the word prominently in the classroom.<br>Provide the word's meaning, pronunciation and usage examples.<br>Incorporate activities, such as writing sentences using the word and playing word games.<br>Encourage learners to use the word in their daily writing.<br>M.R. Sreelatha. | | | |

| Aim | Activities. | Month | Duty | Finance |
|---|---|---|---|---|
| Learners are able to enhance logical reasoning and problem-solving skills. Help learners approach problems in a systematic way. Make learning fun & interactive. | "Game on". Use puzzles or riddles to break the ice and encourage student interaction. Start the class with a fun puzzle or riddle to get students engaged. Devide students into groups to solve puzzles or riddles. Promoting team work and collaboration. | | | |

# ACADEMIC MASTER PLAN

# HINDI

# 2025-26

മേഖല : അക്കാദമികം    ഉപമേഖല : ഹിന്ദി ഭാഷാ സ്കൂൾ തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ<br><br>കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ 3<br><br>ആദ്യവാരം | 5,6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ഗുൽസാർ ക്ലബ് | * ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തല്പരരാക്കുന്നു.<br>* എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർദ്ധിപ്പിക്കൽ<br>* CWSN, SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2. | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ, ട്രാഫിക് നിയമങ്ങൾ എന്നിവയെക്കുറിച്ച് അറിവുകൾ നൽകുന്നു.<br><br>കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ | ജൂൺ 4 | 5,6,7 | ഹിന്ദി അധ്യാപകർ മറ്റു ഭാഷാ അധ്യാപകർ ഹിന്ദി ക്ലബ് | * റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സ്കൂൾ വാഹന സഞ്ചാരം, ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള അറിവുകൾ ഹിന്ദി ഭാഷയിലൂടെ നൽകുന്നു. പദസമ്പത്ത് വർദ്ധിപ്പിക്കാൻ ഇതിലൂടെ സാധിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ്. | | | | |
| 3. | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക ദൈനംദിന വാക്യങ്ങൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക. ["ജുഗ്നു +"] ഹിന്ദിയിൽ വർണ്ണം, ആഴ്ച, മാസം എന്നിവയുടെ ദൈനംദിന അവതരണം.<br><br>പരിസ്ഥിതിദിനം | ജൂൺ 2-10വരെ<br><br>ജൂൺ 5 | 5, 6, 7 | ഹിന്ദി അധ്യാപകർ ഹിന്ദി ഗുൽസാർ ക്ലബ് | വ്യക്തി ശുചിത്വം, ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവത്കരണം എന്നിവയുടെ ആവശ്യകതയെ കുറിച്ച് മനസിലാക്കുന്നു. |
| 4. | വായനാദിനം, അഞ്ചാം ക്ലാസിലെ ഹിന്ദി ക്ലബ് രൂപീകരണം | ജൂൺ 19 | 5, 6, 7 | ഹിന്ദി ഗുൽസാർ ക്ലബ് ഹിന്ദി ഭാഷ അധ്യാപകർ. | |

| | | | | | |
|---|---|---|---|---|---|
| | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐസിടി മുഖാന്തിരം പലവർണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു തവണ | | | |
| 5. | ലഹരി വിരുദ്ധദിനം ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്ന കവിത.<br>ഹിന്ദിയുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ജൂൺ 19<br>ആഴ്ചയിൽ ഒരു തവണ | 5, 6, 7 | ഹിന്ദി അധ്യാപകർ | നിരന്തരമായ വായനയിലൂടെ അക്ഷര സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും വായന ലളിതമാക്കുന്നതിനും സഹായിക്കുന്നു. |
| 6. | * പ്രേംചന്ദ് ജയന്തി<br>* ഗാന്ധി ജയന്തി<br>നിനാചരണവുമായി ബന്ധപ്പെട്ട് ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക.<br>ഹിന്ദി അസംബ്ലി സംഘടിപ്പിക്കുക. | ജൂലൈ 31 -<br>ഒക്ടോബർ | 5, 6, 7 | ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ് | പ്രേംചന്ദിനെ കുറിച്ച് അറിയാനും ഹിന്ദിഭാഷയിൽ രചനകൾ സൃഷ്ടിക്കാൻ അല്പരമാകാനും ജീവിതത്തിൽ പ്രതിസന്ധികൾ തടസമല്ലെന്ന് ബോധ്യപ്പെടുത്താനും കഴിയുന്നു. |
| 7. | * കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക<br>ശിശുദിനം | നവംബർ - ഡിസംബർ | 5, 6, 7 | ഹിന്ദി അധ്യാപകർ ക്ലബ് | പത്ര സംബന്ധമായ വിവരങ്ങളെ കുറിച്ച് ഓരോ കുട്ടിയിലും അവബോധം ഉണർത്തുക. |

| | | | | | |
|---|---|---|---|---|---|
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>വിശ്വ ഹിന്ദി ദിനം, പോസ്റ്റർ നിർമ്മാണം പ്രസംഗം | ജനുവരി (10) | 5, 6, 7 | ഹിന്ദി ഭാഷാദ്ധ്യാപകർ<br>ഗുൽസാർ ക്ലബ് | ഹിന്ദി ഭാഷയിൽ വാക്ചാതുരി ലഭിക്കുന്നു. |
| 9. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം<br>* കുട്ടികൾക്ക് മനസ്സിലാക്കി, സംനിലനിർത്തി കൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനുള്ള പ്രവർത്തന പാക്കേജുകൾ | ആഴ്ചയിൽ ഒരു തവണ<br>പ്രതിദിനം | 5, 6, 7 | ഹിന്ദി അദ്ധ്യാപകർ<br>ഹിന്ദി ക്ലബ് | സാങ്കേതിക നിലവാരം കുട്ടികളെ പഠന നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്നു. |
| 10. | ഹിന്ദി നാടകോത്സവം<br>• കഥാവായന<br>• കഥാരചന<br>• അഭിനയ പരിശീലനം<br>• വേദികളിൽ അവതരണത്തിന് അവസരം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം. | 1 വർഷം | 5, 6, 7 | ഹിന്ദി അദ്ധ്യാപകർ<br>ക്ലബ് അംഗങ്ങൾ<br>PTA രക്ഷിതാക്കൾ | ഭാഷാജ്ഞാനം വർധിപ്പിക്കാൻ സഹായിക്കുന്നു. |

# TSAMUP SCHOOL

# SocialScience Club – Academic Master Plan (2025–26)

### ആശയം (Theme)

**"Exploring the World Through Social Science"**

### പ്രവ ത്തന കലണ്ട (Activity Calendar)

| മാസം | പ്രവ ത്തനം | വിശദീകരണം | ലക്ഷ്യവിഭാഗം |
|---|---|---|---|
| ജൂ | ക്ലബ് ഉദ്ഘാടനം & പദ്ധതി അവതരണം, planting the indoor plants in the class rooms. | പ്രധാനാധ്യാപക ന്റെ നേതൃത്വത്തി ക്ലബ്ബ് പ്രവ ത്തനങ്ങ വിശദീകരിക്കുക | ക്ലാസ് 5–7 |
| ജൂലൈ | Flag Quiz & World, India Map Activity(Little Explorer programme | രാജ്യങ്ങളുടെ പതാകയും ഭൂപടത്തി സ്ഥാനം തിരിച്ചറിയ | ക്ലാസ് 6–7 |
| ഓഗസ്റ്റ് | സ്വാതന്ത്ര്യദിന പ്രദ ശനം, സെമിനാ | "India Then & Now" – ചിത്രങ്ങ , മോഡലുക | ക്ലാസ് 5–7 |
| സെപ്റ്റംബ | Defence Institutions of India | പോസ്റ്റ മേക്കിംഗ്, ലഘു വിവരണം | ക്ലാസ് 6–7 |
| ഒക് ടോബ | UN Day (Oct 24) | യു.എ , വിവരങ്ങ , ക്വിസ് | ക്ലാസ് 5–7 |

| | | | |
|---|---|---|---|
| നവംബ | ഭൂമിയിലെ മേഖലക | കരസ്ഥലങ്ങ , മരുഭൂമിക , ഭൂപട പ്രവ ത്തനങ്ങ | ക്ലാസ് 6–7 |
| ഡിസംബ | A Trip to local Heritage Site | ഫീ ഡ് ട്രിപ്പ് | ക്ലാസ് 6–7 |
| ജനുവരി | Republic Day Quiz | ഭരണഘടന, ദേശീയ ചിഹ്നങ്ങ | ക്ലാസ് 5–7 |
| ഫെബ്രുവരി | കാലാവസ്ഥ വ്യതിയാനങ്ങ , Final round of " Little Explorer" | പോസ്റ്ററുക , പ്രഭാഷണം | ക്ലാസ് 6–7 |
| മാ ച്ച് | അവലോകനവും ആദരവും | മികച്ച പ്രവ ത്തകരെ ആദരിക്ക | ക്ലാസ് 5–7 |

## പാഠപദ്ധതിയി ഉ പ്പെടുത്തി നടത്താവുന്ന പ്രവ ത്തനങ്ങ

- Map Skill Sessions: Political & Physical maps of India and the World.
- Time Line Creation: Indian Freedom Movement.
- weekend Quiz Competitions: Based on Social Science textbook themes.
- Wall Magazine: Monthly themes like "Famous Personalities", "States of India".
- Morning Assembly Talks: Social Science related facts, days, and events.

## ക്ലബ് ഡിസ് പ്ലേ

- Social Science Bulletin Board – മാസത്തെ പ്രധാനപ്പെട്ട ദിനങ്ങ , ക്വിസ് ചോദ്യങ്ങ , ഫോട്ടോക , നവീന വിവരങ്ങ .
- Interactive World Map Corner – പതാകക ഒട്ടിച്ചിട്ടുള്ള ഭൂപടം.

## ആവശ്യമായ വിഭവങ്ങ

- ഭൂപടങ്ങ (World, India – Physical & Political)
- പതാക ചിത്രങ്ങ
- )
- Digital tools (Smart TV/projector for videos, if available)

Head Master

Convenor

# MASTER PLAN
# B.S 2025.26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| * വിദ്യാർത്ഥികളിൽ നിരീക്ഷണ പാടവം, ശാസ്ത്രാഭിരുചി വളർത്തൽ – മൈക്രോസ്കോപ്പ് പരിചയപ്പെടൽ. | * മൈക്രോസ്കോപ്പ് ഉപയോഗിച്ച് സസ്യ ഭാഗങ്ങൾ നിരീക്ഷിക്കൽ (eg: സ്റ്റൊമാറ്റ) | * ജൂൺ | BS Teachers. |
| * ആഹാരത്തിൽ അടങ്ങിയിട്ടുള്ള പോഷകഘടകങ്ങളെ കുറിച്ച് ബോധവാന്മാരാക്കൽ | * പോഷകാഹാര മേള സംഘടിപ്പിക്കൽ. | * ജൂൺ | സയൻസ് ക്ലബ്ബ് |
| * ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ ഉപയോഗിച്ച് മെച്ചപ്പെട്ട തൈകൾ ഉണ്ടാക്കിയെടുക്കുന്നത് എങ്ങനെയെന്ന് തിരിച്ചറിയൽ. | * ഫീൽഡ് ട്രിപ്പ് :– കാർഷിക ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് കായിക പ്രജനന രീതികളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് നേരിട്ട് വീക്ഷിക്കൽ. | ജൂലൈ | സയൻസ് ക്ലബ്ബ്. |
| * ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെട്ട് നിഗമനങ്ങൾ രൂപീകരിക്കുന്നതിന്. | * ഹോം ലാബ് (എല്ലാ വിദ്യാർത്ഥികളും തന്റെ വീട്ടിൽ ലഭ്യമായ വസ്തുക്കൾ കൊണ്ട് ഹോം ലാബ് ഒരുക്കൽ. | ജൂൺ to ഓഗസ്റ്റ് | സയൻസ് ക്ലബ്ബ്, students |

പരിശോധിച്ചു

പ്രധാനാധ്യാപകർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| * പ്രതിരോധ വാക്സിനുകളെക്കുറിച്ച് കുട്ടികൾക്ക് ബോധം ഉണ്ടാക്കുന്നതിന്. | * ആരോഗ്യ പ്രവർത്തകരുമായി അഭിമുഖം. | ജൂലൈ അവസാനം. | സയൻസ് ക്ലബ് |
| * ആകാശ വിസ്മയങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കൽ. | * ചിൽഡ്രൻസ് ട്രിപ്പ് - കോഴിക്കോട് പ്ലാനറ്റേറിയം. | ഓഗസ്റ്റ് ആദ്യം | സയൻസ് ക്ലബ്. |
| * വിദ്യാർത്ഥികളിൽ ശാസ്ത്ര കൗതുകം, നിരീക്ഷണാസക്തി എന്നിവ പരിപോഷിപ്പിക്കുന്നതിന്. | * ശാസ്ത്ര ലാബ് പരിഷ്കരണം. | ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ. | സയൻസ് ക്ലബ്, PTA |
| * ജൈവ കൃഷിയുടെ പ്രാധാന്യം തിരിച്ചറിയൽ | * നല്ല വിത്ത് ലഭിക്കാൻ ശരിയായ വളപ്രയോഗം ആവശ്യമാണ്. - പ്രദേശത്തെ കർഷകരുമായുള്ള അഭിമുഖവും ചർച്ചയും. | ജൂലൈ | സയൻസ് ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല. |
| --- | --- | --- | --- |
| * കീട നിയന്ത്രണ മാർഗങ്ങൾ പരിചയപ്പെടലും പ്രാധാന്യം മനസ്സിലാക്കലും. | * കർഷകനുമായുള്ള അഭിമുഖം. | ജൂലൈ. | ശാസ്ത്ര അധ്യാപകർ. |
| * ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടിൽ നിന്നും വിവിധ തരത്തിലുള്ള ആസിഡുകളും ആൽക്കലികളും തിരിച്ചറിയൽ. | * വീട്ടിൽ നിന്നുമുള്ള വസ്തുക്കൾ ഉപയോഗിച്ച് വിവിധ തരത്തിലുള്ള ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ. പ്രകൃതിദത്ത സൂചകങ്ങൾ ഉപയോഗിച്ചുള്ള ശാസ്ത്ര പരീക്ഷണങ്ങൾ. | * ജൂലൈ | * ശാസ്ത്ര വിദ്യാർത്ഥികൾ. |
| * ശാസ്ത്രത്തോടുള്ള താൽപര്യം വർധിക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | * സോപ്പ് നിർമ്മാണം - പ്രദർശനം. | ജൂലൈ | സയൻസ് Teachers. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * പ്രകൃതിദത്ത സൂചകങ്ങൾ തിരിച്ചറിയൽ. | * ചെമ്പരത്തി ഉപയോഗിച്ച് ലിറ്റ്മസ് പേപ്പർ നിർമ്മാണം. | ജൂലൈ | സയൻസ് Teachers. |
| * വൈദ്യുതി ഉല്പാദിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന സംവിധാനങ്ങൾ പരിചയപ്പെടൽ. | * ഹവർസാൻസി ലാമ്പ് നിർമ്മാണം. | ആഗസ്ത്. | സയൻസ് Teachers. |
| * വിവിധതരം സെർക്കീട്ടുകൾ പരിചയപ്പെടലും ക്രമീകരിക്കലും ശാസ്ത്രാവബോധം നേരിട്ടറിയൽ. | * സെർക്കീട്ടുകൾ നിർമ്മിക്കൽ ബൾബ് പ്രകാശിപ്പിക്കൽ. | ആഗസ്ത്. | സയൻസ് Teachers. |
| * വൈദ്യുതി പാഴാക്കൽ പാടില്ല എന്ന സന്ദേശം പ്രചരിപ്പിക്കൽ, സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ. | * പോസ്റ്റർ തയ്യാറാക്കി ക്ലാസുകളിലും വരാന്തകളിലും പ്രദർശിപ്പിക്കൽ. | ആഗസ്ത് | സയൻസ് ക്ലബ്ബ്. |
| * ശാസ്ത്രാഭിരുചി വളർത്തൽ. | * സയൻസ് ഡേ സെലിബ്രേഷൻ. | ഫെബ്രുവരി | സയൻസ് ക്ലബ്ബ് |

കുട്ടി...യുടെ | Po... | ISEAs പരിശീലന... നടത്തുന്നു.

UP Section

# ACADEMIC MASTER PLAN 2025-26 — MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | നിത്യജീവിതത്തിലെ ചെറിയ കണക്കുകളിലൂടെയും കഥകൾ, കളികൾ ഇവയിലൂടെയും ചതുഷ്ക്രിയകൾ, സമയം, കാലം, ജ്യാമിതിപ്പെട്ടിയിലെ ഉപകരണങ്ങൾ, ഏകകങ്ങൾ, ... എന്നിവ കുട്ടികളിൽ എത്തിക്കുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. | നിർമ്മിതികൾ, ക്വിസ്സ്, ചാർട്ടുകൾ, ... ഇവയിലൂടെ കുട്ടികളിൽ നിന്നും ഗണിതത്തിൽ താൽപര്യമുള്ള കുട്ടികളെ ഉൾപ്പെടുത്തി സ്കൂളിൽ ഗണിതക്ലബ്ബ് രൂപീകരിക്കുന്നു. എല്ലാ കുട്ടികൾക്കും "സൺഡേ മാത്" നടത്തി വിജയികളെ തിരഞ്ഞെടുക്കുന്നു. | ജൂലൈ | ഗണിത അധ്യാപകർ | |
| NAS and SEAS പ്രോഗ്രാമിലൂടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ | NAS, SEAS പരീക്ഷകളിൽ വരുന്ന ചോദ്യങ്ങൾ - ചിന്തകൾ നൽകുന്ന - പരിചയപ്പെടുത്തുന്നു. ഇതിനായി പരിശീലനം 6th ക്ലാസ്സിലെ കുട്ടികൾക്ക് പ്രത്യേകിച്ചും | ആഗസ്റ്റ് | ഗണിത അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | നൽകുന്നു. ഇതിന് മുന്നോട്ട് നയിക്കുന്ന പ്രവർത്തനങ്ങൾ 5, 7 ക്ലാസ്സിലും നൽകുന്നു | | | | |
| പാഠ്യവിഷയങ്ങളിലും മറ്റു കഴിവുകൾ പ്രകടമാക്കുന്ന കുട്ടികളെയും പിന്നോക്കം നിൽക്കുന്ന കുട്ടികളെയും തിരിച്ചറിഞ്ഞ് ആവശ്യമായ പരിഗണന നൽകുന്നു | ഭിന്നശേഷി കുട്ടികൾക്കായി നമ്പർകാർഡ്, ഞൊടിക്കുരു, മുത്തുകൾ, ഒറിഗാമി, സംഖ്യകൾ ചിത്രങ്ങളിലൂടെ, ... ഈ രീതികളിലൂടെയും അവരുടെ മികവിനെ ഉപയോഗപ്പെടുത്തിയും സംഖ്യകൾ, ആശയങ്ങൾ കുട്ടികളിൽ പരമാവധി എത്തിക്കാൻ ശ്രമിക്കുന്നു. ഇതിനായി തുടക്കം മുതലേ ശ്രദ്ധ കൊടുക്കുന്നു (ജൂൺ മുതൽക്ക് തന്നെ)<br>പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകം ക്ലാസ്സുകൾ (വിജയസ്പർശം പ്രോഗ്രാം ഉപയോഗപ്പെടുത്തി) നൽകുന്നു<br>മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി എക്സലൻസ് പ്രോഗ്രാമിലൂടെ ചിന്തയ്ക്കും അധികകഴിവിനും ഉത്തേജകമായി ചോദ്യങ്ങൾ നൽകി പ്രത്യേകം നിൽക്കുന്ന ചോദ്യങ്ങൾ നൽകി പ്രത്യേകം ക്ലാസ്സുകളും ബുക്കുകളും നൽകുന്നു. ഇതിനായി ഓരോ പാഠഭാഗത്തിലെയും [illegible] | സെപ്റ്റംബർ - ഒക്ടോബർ | ഗണിത അധ്യാപകർ സമർത്ഥരായ കുട്ടികൾ | | |

ഇങ്ങനെ ചോദ്യങ്ങൾ ശേഖരിച്ച്

| | | | | |
|---|---|---|---|---|
| NuMATS പരിശീലനം, മറ്റ് ക്വിസ്സ് പ്രോഗ്രാമുകൾ, ശാസ്ത്രമേള മുന്നൊരുക്കങ്ങൾ | ആഴ്ചയിൽ നടത്തുന്ന "സൺഡേ മാത്" പ്രോഗ്രാമിലൂടെയും അധിക ചോദ്യങ്ങൾ നൽകിയും 6th ക്ലാസ്സിലെ കുട്ടികളിലെ കഴിവുള്ള കുട്ടികളെ തിരിച്ചറിഞ്ഞ് പരിശീലനം നൽകുന്നു. അധിക ക്ലാസ്സുകൾ ഈ കുട്ടികൾക്കായി നൽകുന്നു.<br>7th ക്ലാസ്സിലെ കുട്ടികളെ ടാലന്റ് സേർച്ച് എക്സാമിനായി പരിശീലനം നൽകുന്നു. ഇതിനായി ഉയർന്ന നിലവാരമുള്ള ചോദ്യങ്ങൾ നൽകുന്നു.<br>ഇതിലൂടെ കുട്ടികളെ കണ്ടെത്തി ഈ പ്രോഗ്രാമുകളിൽ പങ്കെടുപ്പിക്കുന്നു<br>ശാസ്ത്രമേളകളിൽ പങ്കെടുക്കേണ്ട ഐറ്റങ്ങളും അവയുടെ പരിശീലനത്തിനാവശ്യമായ ആശയങ്ങളും കുട്ടികളിൽ എത്തിക്കുന്നു.<br>ഗണിത ശില്പശാല നടത്തി കുട്ടികളെ ഇതിനായി സജ്ജമാക്കുന്നു. | നവംബർ - ഡിസംബർ | ഗണിത അധ്യാപകർ<br>സമർത്ഥരായ കുട്ടികൾ | സ്റ്റാഫ് ഫണ്ട് |

| | | | | |
|---|---|---|---|---|
| ലിറ്റിൽ ജീനിയസ് പ്രോഗ്രാം | ഗുണനപട്ടിക കുട്ടികളിൽ ഉറപ്പിക്കേണ്ടതിന്റെ ആവിശ്യത്തിലേക്കായി "ലിറ്റിൽ ജീനിയസ്" എന്ന പരിപാടിയിലൂടെ വിജയികളായ കുട്ടികൾക്ക് സ്കൂൾ വാർഷികത്തിൽ ട്രോഫികൾ വിതരണം ചെയ്യുന്നു.<br>വ്യത്യസ്ത സംഖ്യകളുടെ ഗുണനപട്ടികയിൽ (1–10) നിന്നും എടുത്ത 30 ചോദ്യങ്ങൾ നൽകി ഇതിനായി 30 seconds മാത്രം നൽകി വിജയികളെ തിരഞ്ഞെടുക്കുന്നു. ഓരോ കുട്ടികളെയും അകലത്തിൽ നിർത്തി അടുത്തുള്ളവർക്ക് വ്യത്യസ്ത ചോദ്യങ്ങൾ നൽകിയാണ് ഇത് നടത്താറ്. | ജനുവരി – ഫെബ്രുവരി | ഗണിത അധ്യാപകർ | സ്റ്റാഫ് ഫണ്ട് |